"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസ് നം. VC 09/2023/TSR -ൽ അറസ്റ്റിലായ റവന്യൂ ഇൻസ്പെക്ടർ ശ്രീ.നാദിർഷ - അച്ചടക്ക നടപടി സ്വീകരിക്കുന്നത് - ഔപചാരിക അന്വേഷണത്തിന് ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.809/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.06.2023 തീയതിയിലെ C3-(VC-9/2023/TSR)24479/2023/DVACB നമ്പർ കത്ത്
2. 19.06.2023 തീയതിയിലെ 79/ഇ3/2023/വിജി നമ്പർ സർക്കുലർ.
3. റവന്യൂ ഇൻസ്പെക്ടർ ശ്രീ.നാദിർഷയ്ക്കെതിരെ എതിരായുള്ള 19.09.2024 തീയതിയിലെ ഇയു4/271/2023-ത.സ്വ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
4. ശ്രീ.നാദിർഷയുടെ 14.10.2024 തീയതിയിലെ പ്രതിവാദ പത്രിക.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2025 തീയതിയിലെ LSGD/PD/40462/2023-VIGC5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ, കണിമംഗലം വില്ലേജിൽ, പനമുക്ക് ദേശത്ത് വടക്കുടൻ വീട്ടിൽ സന്ദീപ് വി.സി. എന്നയാളിൽ നിന്നും ടിയാളുടെ വീടിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന്, തൃശ്ശൂർ കോർപ്പറേഷൻ, കൂർക്കഞ്ചേരി, കണിമംഗലം മേഖലാ കാര്യാലയത്തിലെ റവന്യൂ ഇൻസ്പെക്ടർ ആയി ജോലി ചെയ്തിരുന്ന ശ്രീ. നാദിർഷാ കൈക്കൂലി ആവശ്യപ്പെട്ടു എന്നതിന് 05/06/2023 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അഴിമതി നിരോധന നിയമം 1988 (Amendment 2018) സെക്ഷൻ 7(a) പ്രകാരം വി.സി. 09/2023/ടി.എസ്.ആർ നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ട്രാപ് കേസിൽ ടിയാനെ അറസ്റ്റ് ചെയ്യുകയും സേവനത്തിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (2) ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. നാദിർഷാ സൂചന (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും ആയത് പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ടിയാന്റെ പ്രതിവാദ പത്രിക പരിശോധിച്ചതിൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിൽ KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്.

3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസ് നം. വി.സി. 09/2023/ടി.എസ്.ആർ -ൽ കുറ്റാരോപിതനായ റവന്യൂ ഇൻസ്പെക്ടർ ശ്രീ. നാദിർഷാ -യ്ക്കെതിരെ

1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. 15 ദിവസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ, തൃശ്ശൂർ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. നാദിർഷാ , റവന്യൂ ഇൻസ്പെക്ടർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/271/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-03-2025 12:51:39
സെക്ഷൻ ഓഫീസർ